"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള ഹൈക്കോടതിയുടെ 29.11.2021 ലെ WP(C) 22881/2015 നം. വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തുവന്നിരുന്ന ശ്രീമതി എസ്.പി. സൈനബയെ 18/06/2001 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1482/2022/LSGD തീയതി,തിരുവനന്തപുരം, 18-06-2022

---

പരാമർശം:-
1. സ.ഉ(എം. എസ്) നമ്പർ 17/2014/തസ്വഭവ തീയതി 24/01/2014
2. സഉ(സാധാ)നം.1380/2015/തസ്വഭവ തീയതി 08.05.2015
3. ബഹു. കേരള ഹൈക്കോടതിയുടെ 29.11.2021 ലെ WP(C) 22881/2015 വിധിന്യായം

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ 04/02/1998 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തുവന്നിരുന്ന ശ്രീമതി എസ്.പി. സൈനബയുടെ നിയമനം, ടി പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവ് തീയതി മുതൽ ക്രമവൽക്കരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് 25/11/2005 ലെ സ. ഉ (പി) നം.501/2005/ധന ഉത്തരവിലെ ഖണ്ഡിക 8 പ്രകാരം 18/06/2001 മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. എസ്.പി. സൈനബ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA(EKM) 43/14 നമ്പരായി കേസ് ഫയൽ ചെയ്യുകയും ആയതിൻമേൽ ശ്രീമതി എസ്.പി. സൈനബയെ നേരിൽകേട്ട ശേഷം സർക്കാർ മൂന്നു മാസത്തിനുള്ളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ദിവസവേതനക്കാരായ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച 09/02/2010 തിയ്യതിയിലെ ജി.ഒ (പി) 61/2010/ ധന പ്രകാരമുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി എസ്.പി. സൈനബയുടെ നിയമനം 09/02/2010 പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് പരാമർശം (2) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. എന്നാൽ കാഷ്വൽ സ്വീപ്പർ ആയാണ് തനിക്ക് നിയമനം ലഭിച്ചതെന്നും ആയതിനാൽ 25/11/2005 ലെ സ. ഉ (പി) നം.501/2005/ധന ഉത്തരവ് ഖണ്ഡിക 8 പ്രകാരം 18/06/2001 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തലിന് അർഹതയുണ്ടെന്നും കാട്ടി ശ്രീമതി എസ്.പി. സൈനബ

വീണ്ടും ബഹു.ഹൈക്കോടതിയിൽ WP(C) No.22881/2015 ആയി കേസ് ഫയൽ ചെയ്യുകയും, ആയതിൻമേൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച വിധിന്യായപ്രകാരം, 09/02/2010 തീയതിയിലെ ജി .ഒ. (പി) 61/2010/ധന ഉത്തരവല്ല, 25/11/2005 ലെ സ. ഉ. (പി) നം.501/2005/ധന ഉത്തരവിലെ വ്യവസ്ഥകളാണ് ശ്രീമതി എസ്.പി. സൈനബയ്ക്ക് ബാധകമായിട്ടുള്ളതെന്നും പ്രസ്തുത കേസിൽ തീരുമാനമെടുക്കുന്നതിൽ സർക്കാരിന് അടിസ്ഥാനപരമായ പിഴവ് സംഭവിച്ചിട്ടുണ്ടെന്നും ബഹു. ഹൈക്കോടതി കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 08/05/2015 ലെ സർക്കാർ ഉത്തരവ് റദ്ദാക്കുകയും 25/11/2005 ലെ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിഷയം പുതുതായി പരിശോധിച്ച് പരാതിക്കാരിയെ നേരിൽകേട്ട ശേഷം രണ്ട് മാസത്തിനുള്ളിൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദ്ദേശം നല്കുകയുമുണ്ടായി.

3. ബഹു. കോടതിനിർദ്ദേശപ്രകാരം 08.06.2022 ന് ശ്രീമതി എസ്.പി. സൈനബയെ കേൾക്കുകയുണ്ടായി. കാഷ്വൽ സ്വീപ്പർ ആയാണ് തനിക്ക് നിയമനം ലഭിച്ചതെന്നും ആയതിനാൽ 25/11/2005 ലെ സ. ഉ (പി) നം.501/2005/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 18/06/2001 തിയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തലിന് തനിക്ക് അർഹതയുണ്ടെന്നും ആയത് ബഹു.കോടതിയും അംഗീകരിച്ചിട്ടുണ്ടെന്നും ടിയാൾ വ്യക്തമാക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 25/11/2005 ലെ സ. ഉ (പി) നം.501/2005/ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തീയതിയിൽ 100 ച. മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ ജോലി നോക്കി വരുന്ന കാഷ്വൽ സ്വീപ്പർമാർ മാത്രമാണ് ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. കാഷ്വൽ സ്വീപ്പർ ആയി നിയമനം ലഭിച്ച തീയതിയോ 18/06/2001 തീയതിയോ ഏതാണ് അവസാനം, ആ തീയതി പ്രാബല്യത്തിലാണ് സ്ഥിരപ്പെടുത്തേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീമതി. സൈനബയെ കാഷ്വൽ സ്വീപ്പർ ആയല്ല മറിച്ച് ദിവസവേതനാടിസ്ഥാനത്തിൽ ആണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിച്ചിട്ടുള്ളത്. അപ്രകാരമുള്ളവരെ സ്ഥിരപ്പെടുത്തുന്നത് 09/02/2010 തീയ്യതിയിലെ ജി.ഒ.(പി) 61/2010/ ധന ഉത്തരവ് പ്രകാരമാണ്. ടി ഉത്തരവിന്റെ ഖണ്ഡിക 3(1) ചുവടെ ചേർക്കുന്നു.

"All existing sweepers, other than casual Sweepers ,irrespective of the mode of appointment shall also be entitled for regularisation based on the sweeping area, defined in the Govt. order read as 3rd paper above, provided their appointments are made on or before the issuance of G.O read above and are continuing as such on the date of this order. The regularisation will have effect from the date of this order only."

5. മേൽ ഉത്തരവിലെ വ്യവസ്ഥ പ്രകാരമാണ്, 24/01/2014 തിയതി പ്രാബല്യത്തിൽ ശ്രീമതി. എസ്.പി. സൈനബയെ സ്ഥിരപ്പെടുത്തിയ പരാമർശം (1) ഉത്തരവ്, ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിൽ ടിയാരി ഫയൽ ചെയ്ത OA(EKM) 43/14 നമ്പർ കേസിലെ വിധിന്യായപ്രകാരം ഭേദഗതി ചെയ്ത് 09.02.2010 തിയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി പരാമർശം (2) ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ മേൽ ഉത്തരവ് ചോദ്യം ചെയ്ത് ശ്രീമതി എസ്.പി. സൈനബ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.22881/2015 കേസിലെ വിധിന്യായത്തിൽ, 09/02/2010 തിയതിയിലെ ജി.ഒ (പി) 61/2010/ധന ഉത്തരവല്ല, 25/11/2005 ലെ സ. ഉ (പി) നം.501/2005/ധന ഉത്തരവിലെ വ്യവസ്ഥകളാണ് ശ്രീമതി എസ്.പി.

സൈനബയ്ക്ക് ബാധകമായിട്ടുള്ളതെന്നും പ്രസ്തുത കേസിൽ തീരുമാനമെടുക്കുന്നതിൽ സർക്കാരിന് അടിസ്ഥാനപരമായ പിഴവ് സംഭവിച്ചിട്ടുണ്ടെന്നും ബഹു. ഹൈക്കോടതി പരാമർശിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 08/05/2015 ലെ സർക്കാർ ഉത്തരവ് റദ്ദാക്കുകയും 25/11/2005 ലെ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിഷയം പുതുതായി പരിശോധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദ്ദേശം നല്കുകയുമുണ്ടായി.

6. മേൽ സാഹചര്യത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച്, കീഴ്വഴക്കമാകുന്നതല്ല എന്ന നിബന്ധനയിൽ, കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ 04/02/1998 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തുവന്നിരുന്ന ശ്രീമതി എസ്.പി. സൈനബയെ, സ. ഉ (പി) നം. 501/2005/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 18/06/2001 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. പരാമർശം (3) ലെ ബഹു. കേരളാ ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. എസ്.പി. സൈനബ, പാർട്ട് ടൈം സ്വീപ്പർ, ചെങ്ങളായി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല (സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരളം.എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല.

സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ധനകാര്യവകുപ്പ് ( 05.04.22 ലെ DEV-5/289/2021- FIN പ്രകാരം)

നിയമവകുപ്പ് ( 19.05.22 ലെ ST 0II 1/8/22 - LAW പ്രകാരം)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/402/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 20-06-2022 12:19:25

സെക്ഷൻ ഓഫീസർ